# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1567

**16-03-2015 ൽ മറുപടിയ്ക്ക്**

### നെൽകർഷകരുടെ സബ്സിഡി പിൻവലിച്ചത്

**ചോദ്യം**

ശ്രീ. ആർ. രാജേഷ്

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) നെൽകർഷകരുടെ സബ്സിഡി തുക നല്കാനുള്ള തീരുമാനം പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) സബ്സിഡി പിൻവലിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ബാധകമല്ല

(സി) നെല്ലിന്റെ ഗുണനിലവാര മാനദണ്ഡം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരം സപ്ലൈകോ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് കേന്ദ്ര സർക്കാർ നിശ്ചിത ഗുണ നിലവാര മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. അതു പ്രകാരമുള്ള ഗുണ നിലവാര മാനദണ്ഡങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| നമ്പർ | ഘടകങ്ങൾ | പരമാവധി ശതമാനം (%) |
|---|---|---|
| 1 | ബാഹ്യവസ്തുക്കൾ<br>(a) ജൈവം<br>(b)അജൈവം | <br>1.0<br>1.0 |
| 2 | കേടായത്,നിറം മങ്ങിയത്,മുളച്ചത്, കീടബാധയേറ്റത് | 3.0 |
| 3 | പാകമാകാത്തതും ചുരുങ്ങിയതും | 3.0 |
| 4 | താഴ്ന്ന ഇനങ്ങളുടെ കലർപ്പുകൾ | 6.0 |
| 5 | ഈർപ്പം | 17.0 |

(ഡി) നെല്ലുസംഭരണത്തിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സപ്ലൈകോയുമായി രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് കൊയ്ത്ത് കഴിഞ്ഞ് ഉടനെ കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഗുണമേന്മയുള്ള താണെന്ന് ഉറപ്പുവരുത്തി സംഭരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2013-14 സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കി. നെല്ല് സംഭരണത്തിന് ആവശ്യമായ മില്ലുകൾ സംഭരണം തുടങ്ങുന്നതിന് വളരെ മുമ്പായി തന്നെ കരാറിൽ ഏർപ്പെടുന്നുണ്ട്. നെല്ല് സംഭരണത്തിനായി പാഡി ഓഫീസർമാർക്ക് വിവിധ ജില്ലകളിലായി ചുമതല നൽകിയിട്ടുണ്ട്. അവരുടെ കീഴിൽ പാഡി അസിസ്റ്റന്റുമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംഭരണം നടക്കുന്ന കാലയളവിൽ അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കർഷകരുടെ എല്ലാവിധ സംശയ നിവാരണത്തിനും വേണ്ടി സപ്ലൈകോ ഹെഡ് ഓഫീസിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. സംഭരണത്തിൽ നേരിടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ഏകോപനത്തിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-15 സീസൺ മുതൽ കർഷകർക്ക് നെല്ല് സംഭരിക്കുമ്പോൾതന്നെ ഇലക്ട്രോണിക് പാഡി റസീപ്റ്റ് ഷീറ്റ് (e-PRS) നൽകുന്ന സമ്പ്രദായം ആവിഷ്കരിച്ചു.

സെക്ഷൻ ഓഫീസർ